compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ഏപ്രിൽ 28
Tuesday, 28th April 2026

1201 മേടം 15
15th Medam 1201

1948 വൈശാഖം 8
8th Vaisakha 1948

വാല്യം 15
Vol. XV

നമ്പർ **17**
No.

Part III

Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : ഡോ . കവിത എ)

നം. DDMPM/101/2022-C 2025 ഡിസംബർ 8

വിഷയം :ക്ഷീര വികസന വകുപ്പ് , മലപ്പുറം- കാളികാവ് ബ്ലോക്ക് - കൂറ്റംപാറ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എം 98 ഡി ആപ്കോസ് -സമാപ്തീകരണം- ലിക്വിഡേറ്ററെ മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു

പരാമർശം : 1. ഈ ഓഫീസിലെ 23/06/2023 ലെ മേൽ നമ്പർ ഉത്തരവ് .

2. മലപ്പുറം ബ്ലോക്ക് ഡയറി ഫാം ഇൻസ്ട്രക്ടർ ശ്രീ അബ്ദുൽ ശുക്കൂർ എം. ടി യുടെ 19/07/2025 ലെ DESU-MLP0MLP/1/2023-DFI നമ്പർ കത്ത്.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്കിലെ ദീർഘനാളായി പ്രവർത്തനരഹിതമായ കൂറ്റംപാറ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എം 98 ഡി ആപ്കോസ് പുനരുദ്ധരിക്കുന്നതിനുള്ള സാദ്ധ്യത ഇല്ലാത്തതിനാൽ പ്രസ്തുത സംഘം സമാപ്തീകരിക്കുന്നതിനായി മലപ്പുറം ഡയറി ഫാം ഇൻസ്ട്രക്ടർ ശ്രീ അബ്ദുൽ ശുക്കൂർ എം ടി യെ 1969ലെ കേരള സഹകരണ നിയമം വകുപ്പ് 72 (1) പ്രകാരം ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ നിലവിൽ കാളികാവ് ബ്ലോക്കിൽ പ്രസ്തുത ചുമതല നിർവഹിക്കുന്നതിനായി മതിയായ ഉദ്യോഗസ്ഥർ ഉള്ളതിനാൽ ലിക്വിഡേറ്റർ സ്ഥാനത്തുനിന്ന് ശ്രീ അബ്ദുൽ ശുക്കൂർ എം.ടി -യെ മാറ്റണമെന്ന് ടിയാൻ പരാമർശം 2 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ കൂറ്റംപാറ ക്ഷീരസംഘം ക്ലിപ്തം നമ്പർ എം 98 (ഡി) ആപ്കോസിന്റെ സമാപ്തീകരണ നടപടികൾ കൈക്കൊള്ളുന്നതിനായി കാളികാവ് ബ്ലോക്കിലെ ഡയറി ഫാം ഇൻസ്പെക്ടർ ശ്രീ അതുൽ ടി അഗസ്റ്റിന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചുമതല കൈമാറിക്കൊണ്ട് ഉത്തരവാകുന്നു . കൂറ്റംപാറ സംഘത്തിന്റെ ലിക്വിഡേറ്റർ എന്ന നിലയിൽ ശ്രീ അബ്ദുൽ ശുക്കൂർ നാളിതുവരെ കൈക്കൊണ്ട നടപടികളുടെ റിപ്പോർട്ട് സഹിതം ശ്രീ അതുൽ ടി അഗസ്റ്റിന് യഥാസമയം ചുമതല കൈമാറേണ്ടതും ആയതിന്റെ തുടർ പ്രവർത്തനങ്ങൾ ശ്രീ അതുൽ ടി അഗസ്റ്റിൻ നിർവഹിക്കേണ്ടതുമാണ്. ലിക്വിഡേർ യഥാസമയം ചുമതലയേറ്റെടുത്ത് വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ലിക്വിഡേർ സംഘത്തിൽ നിന്നും കൊടുത്തു തീർക്കേണ്ട എല്ലാ ബാദ്ധ്യതകളും കൊടുത്തു തീർക്കേണ്ടതും സംഘത്തിലേക്ക് വരേണ്ടവ യഥാസമയം തിരികെ ഈടാക്കി ആയത് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഉള്ള പലിശരഹിത എസ് ടി എസ് ബി അക്കൗണ്ടിൽ (STSB അക്കൗണ്ട് നമ്പർ 799011400006779) നിക്ഷേപിക്കേണ്ടതുമാണ്. ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് ആയത് സംബന്ധിച്ച നടപടിക്രമങ്ങൾ അടങ്ങിയ റിപ്പോർട്ടും സംഘത്തിന്റെ മുഴുവൻ രേഖകളും ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടിഡയറക്ടറുടെ കാര്യാലയം (ഒപ്പ്)
മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : ഡോ . കവിത എ)

നം. DDMPM/101/2022-C 2025 ഡിസംബർ 8

വിഷയം : ക്ഷീര വികസന വകുപ്പ് , മലപ്പുറം- തിരൂർ ബ്ലോക്ക് - പുല്ലൂണി ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എം 260 (ഡി) ആപ്കോസ് -സമാപ്തീകരണം- ലിക്വിഡേറ്ററെ മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു

പരാമർശം : 1. ഈ ഓഫീസിലെ 16/03/2024 ലെ മേൽ നമ്പർ ഉത്തരവ് .

2. പൊന്നാനി ബ്ലോക്ക് ഡയറി ഫാം ഇൻസ്ട്രക്ടർ ശ്രീ ഷാജിത് കെ യുടെ 27/06/2025 ലെ DESU-MLP0PNI/78/2024-C നമ്പർ കത്ത്.

ഉത്തരവ്

മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്കിൽ പ്രവർത്തനരഹിതമായ പുല്ലൂണി ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എം 260 (ഡി) ആപ്കോസ് പുനരുദ്ധരിക്കുന്നതിനുള്ള സാധ്യത ഇല്ലാത്തതിനാൽ പ്രസ്തുത സംഘം സമാപ്തീകരിക്കുന്നതിനായി തിരൂർ ഡയറി ഫാം ഇൻസ്ട്രക്ടർ ആയിരുന്ന ശ്രീ ഷാജിത് കെയെ 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 72 (ഒന്ന്) പ്രകാരം ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു എന്നാൽ ശ്രീ ഷാജിത്ത് കെ പൊന്നാനി ബ്ലോക്കിലേക്ക് സ്ഥലം മാറി പോകുകയും പൊന്നാനി ബ്ലോക്കിലെ വെങ്ങിനിക്കര സംഘത്തിന്റെ ലിക്വിഡേറ്റർ ആയി നിയമിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ടിയാനെ പുല്ലൂണി സംഘത്തിന്റെ ലിക്വിഡേറ്റർ ചുമതലയിൽ നിന്ന് ഒഴിവാക്കി നൽകുന്നതിനായി പരാമർശം 2 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ പുല്ലൂണി ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എം 260 (ഡി) ആപ്കോസിന്റെ സമാപ്തികരണ നടപടികൾ കൈക്കൊള്ളുന്നതിനായി പരപ്പനങ്ങാടി ബ്ലോക്കിലെ ക്ഷീരവികസന ഓഫീസർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ശ്രീമതി ഷാമില എം ന് ചുമതല കൈമാറി നൽകിക്കൊണ്ട് ഉത്തരവാകുന്നു പുല്ലൂണി ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ ലിക്വിഡേറ്റർ എന്ന നിലയിൽ ശ്രീ ഷാജിത് കെ നാളിതുവരെ കൈക്കൊണ്ട നടപടികളുടെ റിപ്പോർട്ട് സഹിതം ശ്രീമതി ഷാമില എം ന് യഥാസമയം ചുമതല കൈമാറേണ്ടതും ആയതിന്റെ തുടർ പ്രവർത്തനങ്ങൾ ശ്രീമതി ഷാമില എം നിർവ്വഹിക്കേണ്ടതുമാണ്. ലിക്വിഡേറ്റർ യഥാസമയം ചുമതല ഏറ്റെടുത്ത് വിവരം ഈ ഓഫീസിലേക്ക് അറിയിക്കേണ്ടതാണ്.

ലിക്വിഡേറ്റർ സംഘത്തിൽ നിന്നും കൊടുത്തിരിക്കേണ്ട എല്ലാ ബാദ്ധ്യതകളും കൊടുത്തിരിക്കേണ്ടതും സംഘത്തിലേക്ക് വരേണ്ടവ യഥാസമയം തിരികെ ഈടാക്കി ആയത് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഉള്ള പലിശരഹിത എസ് ടി എസ് ബി അക്കൗണ്ടിൽ (STSB അക്കൗണ്ട് നമ്പർ 799011400006779) നിക്ഷേപിക്കേണ്ടതുമാണ്. ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് ആയത് സംബന്ധിച്ച നടപടിക്രമങ്ങൾ അടങ്ങിയ റിപ്പോർട്ടും സംഘത്തിന്റെ മുഴുവൻ രേഖകളും ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം (ഒപ്പ്)
മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.04.28 03:38:31 +05:30